**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം. 2208/2013/ തസ്വഭവ. തിരുവനന്തപുരം, തീയതി, 31 /08/2013.

= ==================================================================

പരാമർശം (1) സ.ഉ. (പി) നം. 365/2009/ധന തിയതി 28.08.2009.

(2) സ.ഉ. (സാധാ) നം. 2963/2012/ തസ്വഭവ തീയതി 29.10.2012.

(3) സ.ഉ. (പി) നം. 48/2013/ധന തീയതി 23/1/2013.

(4) 12/3/2013 ലെ 63284 /ഐ.എ 1/2012/ തസ്വഭവ നമ്പർ സർക്കാർ കത്ത്.

(5) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19/4/2013 ലെ കെ.എസ്സ്/ഇ/1914/13 നമ്പർ കത്ത്.

(6) സ.ഉ. (പി) നം 185/2013/തസ്വഭവ തീയതി 20/5/2013.

## ഉത്തരവ്

പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി. കെ.ബി. വത്സലകുമാരി ഐ.എ.എസ്സിനെ കുടുംബശ്രീ യിൽ എക്സിക്യൂട്ടീവ് ഡയറക്ടറായി മൂന്ന് വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ കരാർ വ്യവസ്ഥകൾ സംബന്ധിച്ച ഉത്തരവ് തുടർന്ന് പുറപ്പെടുവിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, പരാമർശം 1, 3 - കളിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിലും, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ സേവന വേതന വ്യവസ്ഥകൾ താഴെപ്പറയുന്ന പ്രകാരം നിശ്ചയിച്ച് ഇതിനാൽ ഉത്തരവ് ആകുന്നു.

(എ) **കുടുംബശ്രീ** എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീമതി. കെ.ബി.വത്സലകുമാരി ഐ.എ.എസ്സ് (റിട്ടയേർഡ്) ന്റെ സേവനവും ആനുകൂല്യങ്ങളും, പുനർ നിയമന വ്യവസ്ഥയുടെ ചട്ടങ്ങൾ പ്രകാരമായിരിക്കും.

(ബി) **കുടുംബശ്രീ** യിൽ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ക്ലാസ് 1 ആഫീസറുടെ റ്റി. എ., ഡി. എ യ്ക്ക് അർഹത ഉണ്ടായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി ടു ഗവൺമെന്റ്.

**1.** പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

3. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
4. എല്ലാ ജില്ലാകളക്ടർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).

5 ശ്രീമതി. കെ.ബി.വത്സലാകുമാരി ഐ.എ.എസ് (റിട്ടയേർഡ്)(വ്യക്തിപരം.)

6. ഡയറക്ടർ ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

7. ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.( തസ്വഭവ –ന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**